"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത 2026-ലെ OA 143, 144, 145 & 164 എന്നീ നമ്പർ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25/02/2026 ലെ പൊതു ഉത്തരവ് നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.735/2026/LSGD തീയതി,തിരുവനന്തപുരം, 13-03-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം. 46/2024/LSGD 16.03.2024
2. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 29/01/2026 ലെ LSGD/PD/20449/2025-DEA3 നം. നടപടിക്രമം
3. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01/03/2026 ലെ LSGD/PD/20449/2025-DEA3 നം. നടപടിക്രമം
4. 2026-ലെ OA 143,144,145 &164 എന്നീ നമ്പർ കേസുകളിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 25/01/2026 ലെ പൊതു ഉത്തരവ്
5. തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 12/03/2026 ലെ LSGD/PD/20449/2025-DEA3 നം.കത്ത്.

**ഉത്തരവ്**

തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2), (3) സ്ഥലംമാറ്റ ഉത്തരവിനെതിരെ ശ്രീ. അബ്ദുൾ ഹക്കിം കെ., ശ്രീമതി. സിന്ധു എൽ, ശ്രീ.അഫ്സൽ പി.എൻ, ശ്രീ. നൗഷദലി എം.പി. എന്നിവർ ഫയൽ ചെയ്ത യഥാക്രമം OA 143,144,145 & 164 എന്നീ നമ്പരായ 2026-ലെ കേസുകളിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ പരാമർശം (4) ഉത്തരവിൽ മേൽ OA-കളിൽ പരാമർശിച്ചിട്ടുള്ള അപേക്ഷകരുടെ പരാതിയും ആക്ഷേപങ്ങളും പരിഗണിച്ച് ഹർജിക്കാരെയും എതിർകക്ഷികളെയും നേരിൽ കേട്ട് ഉത്തരവ് ലഭിച്ച് രണ്ട് മാസത്തിനകം ആയതിന്മേൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർ കക്ഷിയായ സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തിരുന്നു.

2) മേൽ നിർദ്ദേശാനുസരണം, പരാതിക്കാരെയും എതിർകക്ഷികളായ കള്ളിക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സുരേഷ് ബാബു ജി, എടയൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.നാരായണൻ, കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി ശ്രീ.ബിനിൽ എസ്,

പ്രിൻസിപ്പൽ ഡയറക്ടറേറ്റ് പ്രിതിനിധി എന്നിവരെ സർക്കാർ തലത്തിൽ നേരിൽ കേൾക്കുകയുണ്ടായി. പ്രസ്തുത ഹിയറിംഗിൽ പരാതിക്കാരുടെയും എതിർകക്ഷികളുടെയും വാദങ്ങൾ ഇപ്രകാരമാണ്.

1) <u>അബ്ദുൾ ഹക്കിം, ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി OA No. 143/2026</u>

തിരുവനന്തപുരം ജില്ലയിൽ വെമ്പായം ഗ്രാമപഞ്ചായത്തിൽ അസിസ്റ്റന്റ് സെക്രട്ടറിയായി ജോലിചെയ്തുവരവെ 26/05/2025-ലെ LSGD/PD/31080/2024-DEA3 നമ്പർ പ്രൊമോഷൻ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലയിലെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി നിയമനം ലഭിക്കുകയും അവിടെ 10/07/2025-ന് ജോലിയിൽ പ്രവേശിക്കുകയും ചെയ്തു. വിരമിക്കുന്നതിന് (31/05/2026-ന്) കേവലം മൂന്ന് മാസങ്ങൾ മാത്രം ശേഷിയ്ക്കേ 29/01/2026-ലെ LSGD/PD/20449/2025-DEA3 ഉത്തരവ് പ്രകാരം തൃശ്ശൂർ ജില്ലയിലെ വിദൂര പഞ്ചായത്തായ കടവല്ലൂർ പഞ്ചായത്തിലേക്ക് സ്ഥലംമാറ്റി. ടി ഉത്തരവിനെതിരെ ഫയൽ ചെയ്ത ഒഎനം.143/2026-നുമേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ30/01/26-ലെ ഉത്തരവ് പ്രകാരം മേൽ സ്ഥലംമാറ്റം സ്റ്റേ ചെയ്തു. 25/02/2026-ൽ കേസ് തീർപ്പാക്കി. സർവീസിന്റെ അവസാനകാലം സമാധാനപൂർവമായി ജോലി ചെയ്ത് വിരമിക്കുന്നതിന് സാഹചര്യം ഉണ്ടാക്കണമെന്നും ആയതിനാൽ മേൽ സ്ഥലംമാറ്റ ഉത്തരവ് റദ്ദാക്കണമെന്നും അപേക്ഷിക്കുന്നു.

<u>2).ശ്രീമതി.സിന്ധു.എൽ,വെള്ളനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി OA No. 144/2026</u>

വെള്ളനാട് ഗ്രാമപഞ്ചായത്തിൽ 15/10/2024 മുതൽ ജോലി ചെയ്യുന്നു. എസ് സി വിഭാഗത്തിൽപ്പെട്ടതും വിധവയുമാണ്. എന്റെ മക്കൾ പഠിച്ചുകൊണ്ടിരിക്കുന്നു. 80 വയസ്സ് കഴിഞ്ഞ സുഖമില്ലാത്ത അച്ഛനെ സംരക്ഷിക്കുന്നത് ഞാനാണ്. വെള്ളനാട് പഞ്ചായത്തിൽ വന്നതിനുശേഷം നാട്ടുകാർക്ക് പരാതി ഇല്ലാത്ത രീതിയിൽ,വീഴ്ച വരുത്താതെ കൃത്യമായി ജോലി ചെയ്തുവരുന്നു. പുതിയപ്രസിഡന്റ് വെള്ളനാട് ശശി വന്നതിനുശേഷം മീറ്റിംഗിൽ പങ്കെടുക്കാനോ ,പഞ്ചായത്തിന്റെ കാര്യങ്ങളിൽ ഇടപെടാനോ സാധിക്കുന്നില്ല. പഞ്ചായത്ത് വാഹനം തരാൻ വിസമ്മതിച്ച പ്രിസിഡന്റ് ടി വാഹനത്തിന്റെ കാറ്റ് അഴിച്ചുവിടുകയും കാറ്റ് അടിച്ചു വാഹനം എടുത്തപ്പോൾമറ്റൊരു വാഹനം കുറുകെ ഇട്ട് തടയുകയും ചെയ്തു. ഹാജർ ബുക്ക് തരാതെ ദിവസങ്ങളോളം പ്രസിഡന്റിന്റെ റൂമിൽ വച്ച് പൂട്ടുകയും ചെയ്തു. എന്റെ അച്ഛനെ സംരക്ഷിക്കുവാൻ ആരും ഇല്ലാത്ത സാഹചര്യത്തിൽ ഈ പഞ്ചായത്തിൽ തന്നെ സമാധാനപരമായി കർത്തവ്യം നിർവഹിക്കുവാൻ തുടർന്നും (3 വർഷം) ജോലി ചെയ്യുവാൻ എന്നെ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു.

3) <u>ശ്രീ.അഫ്സൽ പി.എൻ, വർക്കല ബ്ലോക്ക് പഞ്ചായത്ത് OA No. 145/2026</u>

2025-ലെ പൊതുസ്ഥലംമാറ്റത്തിന് ഓപ്ഷൻ സമർപ്പിച്ചിട്ടില്ല. കോഴിക്കോട് കണ്ണൂർ,തൃശ്ശൂർ എന്നിവിടങ്ങളിൽ 5 വർഷത്തിലധികം ജോലി ചെയ്തതിനുശേഷമാണ് മാതൃജില്ലയായ തിരുവനന്തപുരത്തേയ്ക്ക് സ്ഥലം മാറ്റം കിട്ടുന്നത്. വർക്കല ബ്ലോക്ക് പഞ്ചായത്തിൽ 06/09/2024-ൽ ജോലിയിൽ പ്രവേശിച്ച് ഒരു വർഷവും 4 മാസവും ആയ അവസരത്തിലാണ് എന്നെ സ്ഥലം മാറ്റി നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചത്. വീട്ടിൽ ഭാര്യയും ഒരു വയസ്സുള്ള മകനുമാണുള്ളത്. കിളിമാനൂർ ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലം മാറ്റി നിയമിച്ചാൽ യാത്ര ചെയ്യുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകും വർക്കലബ്ലോക്ക് പഞ്ചായത്ത്

ഭരണസമിതിക്ക് എന്ന് നിലനിർത്തണമെന്ന അഭിപ്രായമുള്ളതിനാൽ ഭരണസമിതിയുടെ അറിവോട് കൂടിയാണ് സ്ഥലംമാറ്റത്തിനെതിരെ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിനെ സമീപിച്ചത്. പുതിയ ഭരണസമിതിയുടെ നിർദ്ദേശപ്രകാരം തയ്യാറാക്കിയിട്ടുള്ള വാർഷികപദ്ധതിയിലെ പ്രോജക്ടുകളുടെ പൂർത്തീകരണത്തിന് വേണ്ട പ്രവർത്തനങ്ങൾ ചെയ്യുന്നതിനും ഭരണസമിതിയോട് സഹകരിച്ച് പ്രവർത്തിക്കുന്നതിനുമായി എന്നെ വർക്കല ബ്ലോക്ക് പഞ്ചായത്തിൽ നിലനിർത്തണമെന്ന് അപേക്ഷിക്കുന്നു.

4). <u>ശ്രീ.എം.പി നൗഷദലി, സെക്രട്ടറി കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് OA No. 164/2026</u>

23/12/2024-ൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ജോലിയിൽ പ്രവേശിച്ച എന്നെ 29/01/2026-ലെ LSGD/PD/20449/2025-DEA3 ഉത്തരവ് പ്രകാരം കോഴിക്കോട് ജില്ലയിലെ പുതുപ്പാടി ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റി. വലതുകാലിന് 40% അസ്ഥിസംബന്ധമായ വൈകല്യമുള്ള എന്നെ എന്റെ താമസസ്ഥലത്തുനിന്നും 24 കി.മീറ്റർ അകലെയുള്ള പുതുപ്പാടി ഗ്രാമപഞ്ചായത്തിലേക്ക് മാറ്റിയത്. ടി ഉത്തരവിൽ കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽ ആരെയും നിയമിച്ചിട്ടില്ല. ആയതുകൊണ്ട് കട്ടിപ്പാറ ഗ്രാമപഞ്ചായത്തിൽതന്നെ നിലനിർത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് താല്പര്യപ്പെടുന്നു.

5) <u>ശ്രീ.സുരേഷ് ബാബു, സെക്രട്ടറി, കള്ളിക്കാട് ഗ്രാമപഞ്ചായത്ത് .</u>

2023-ലെ പ്രൊമോഷൻ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലയിലെ കാന്തല്ലൂർ ഗ്രാമപഞ്ചായത്തിൽ സെക്രട്ടറിയായി ജോയിൻ ചെയ്യുകയും 2025-ലെ പൊതു സ്ഥലംമാറ്റഉത്തരവ് പ്രകാരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലംമാറ്റം കിട്ടുകയും 8/10/2025-ൽ ടി ഗ്രാമപഞ്ചായത്തിൽ ജോയിൻ ചെയ്യുകയും ചെയ്തു. ജോയിൻ ചെയ്ത് മാസങ്ങൾ തികയുന്നതിനുമുമ്പേ മതിയായ കാരണങ്ങളില്ലാതെയാണ് സ്ഥലം മാറ്റിയത്. 2025-ലെ സ്ഥലം മാറ്റ അപേക്ഷയിൽ ഞാൻ വെള്ളനാട് ഗ്രാമപഞ്ചായത്ത് ഓപ്ഷൻ നല്കിയിരുന്നില്ല. എന്നെ വെള്ളനാട് മാറ്റി നിയമിച്ച ഉത്തരവിൽ കാസർഗോഡ് ജില്ലയിലുള്ള ഒരു ജിവനക്കാരനെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലേക്ക് മാറ്റി നിയമിച്ചിരുന്നു. ടി ഉത്തരവ് അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ സ്റ്റേ ചെയ്തതിനെതുടർന്ന് പുതുക്കി ഇറക്കിയ ഉത്തരവിൽ എനിക്ക് പകരം കള്ളിക്കാട് ഗ്രാമപഞ്ചായത്തിലേക്ക് മാറ്റിയ ജീവനക്കാരനെ ആലപ്പുഴയിലേക്ക് സ്ഥലം മാറ്റി ഉത്തരവായിട്ടുണ്ട്. ഇനി രണ്ടരവർഷം മാത്രം സർവീസുള്ള എന്നെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിൽ തന്നെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അപേക്ഷിക്കുന്നു.

മേൽ കേസുകളിലെ എതിർകക്ഷികളിലോരാളായ, അബ്ദുൾ ഹക്കീമിനു പകരം ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിൽ നിയമനം നല്കിയ ശ്രീ. നാരായണൻ എ.എം-ന് മേൽ സ്ഥലം മാറ്റം സൗകര്യപ്രദംതന്നെയെന്നും ആയതിൽ ടിയാന് എതിർപ്പില്ലെന്നും അറിയിച്ചു. മറ്റൊരു എതിർകക്ഷിയായ, അഫ്സലിനുപകരം വർക്കല ബ്ലോക്ക് പഞ്ചായത്തിലേക്ക് സ്ഥലംമാറ്റിയ ശ്രീ.ബിനിൽ എസ്-ന്റെ സ്വന്തം സ്ഥലം വർക്കലയാണെന്നതിനാൽ ടിയാനും എതിർപ്പൊന്നും ഇല്ല എന്നറിയിക്കുകയുണ്ടായി.

3) മേൽ വിഷയത്തിൽ പരാമർശം 5 പ്രകാരമുള്ള പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് ഇപ്രകാരമാണ്.

സർക്കാർ അന്തിമതീരുമാനമെടുക്കുന്നത് വരെ മേൽ കേസുകളിലെ

അപേക്ഷകർക്കും എതിർകക്ഷികൾക്കും നിലവിലുള്ള ഇടക്കാല സ്റ്റേ തുടരുന്നതാണ് എന്ന് അഡ്വക്കേറ്റ് ജനറൽ അറിയിച്ച സാഹചര്യത്തിൽ ഹർജിക്കാരെ ഒഴിവാക്കിക്കൊണ്ട് ഭേദഗതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വെള്ളനാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് എതിരായി പ്രസിഡന്റ് സമർപ്പിച്ച സാഹചര്യത്തിലാണ് ടി സെക്രട്ടറിയെ സ്ഥലംമാറ്റിയത്. കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്ന യുഡി എഫ് ആഘോഷത്തിൽ പങ്കെടുക്കുകയും വോട്ടർപട്ടികയിൽ അനർഹരുടെ പേര് ചേർക്കുന്നതിന് കൂട്ടുനില്ക്കുകയും ചെയ്തതിന് സെക്രട്ടറി ശ്രീ.നൗഷദാലിക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ.വാസു എന്നയാൾ ബഹു.തദ്ദേശ സ്വയംഭരണവകുപ്പ് മന്ത്രി മുമ്പാകെ പരാതി നല്കിയതിന്റെ അടിസ്ഥാനത്തിലാണ് ടി സെക്രട്ടറിയെ സ്ഥലം മാറ്റിയത്. ശ്രീ.അബ്ദുൽ ഹക്കീം, ശ്രീ. അഫ്സൽ പി.എൻ,എന്നീ ജീവനക്കാർക്ക് ആക്ഷേപം ഉള്ള സാഹചര്യത്തിൽ ടിയാളുകളെ നിലവിലുള്ള സ്റ്റേഷനുകളിൽ നിലനിർത്തി ഉത്തരവാകാവുന്നതാണ്.

4)ഒ എ -കളെ തുടർന്നുള്ള പരാതികളും പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ടും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ നിർദ്ദേശത്തിന്റെയും തദ്ദേശ സ്വയം ഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിന്റെ മാനദണ്ഡങ്ങൾ കാലികമാക്കിക്കൊണ്ട് പുറപ്പെടുവിച്ച പരാമർശം 1 ഉത്തരവിലെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധിച്ചു.

i) ശ്രീമതി.സിന്ധു, ശ്രീ.അഫ്സൽ പി.എൻ, ശ്രീ.സുരേഷ്ബാബു എന്നീ ഹർജിക്കാർക്കെതിരെ അച്ചടക്കനടപടി, പൊതുതാല്പര്യം തുടങ്ങിയവയുമായി ബന്ധപ്പെട്ട കാരണങ്ങളൊന്നും തന്നെ പരാമർശിച്ചു കാണുന്നില്ല. മേൽ പരാമർശിച്ച കാരണങ്ങളാൽ അല്ലാതെ ഒരു ഓഫീസിൽ മൂന്ന് വർഷം പൂർത്തിയാക്കാത്ത ഒരു ജീവനക്കാരനെയും പൊതുസ്ഥലംമാറ്റത്തിന്റെ ഭാഗമായി സ്ഥലം മാറ്റാൻ പാടുള്ളതല്ല എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ആയതിനാൽ ശ്രീമതി.സിന്ധു, ശ്രീ.അഫ്സൽ പി.എൻ, ശ്രീ.സുരേഷ്ബാബു എന്നീ ഹർജിക്കാരെ സ്ഥലം മാറ്റിയ നടപടി മേൽ വ്യവസ്ഥയ്ക്ക് വിരുദ്ധമാണ്.

ii) കട്ടിപ്പാറ ഗ്രാമപഞ്ചായത്ത് ഓഫീസിൽ നടന്ന യുഡി എഫ് ആഘോഷത്തിൽ പങ്കെടുക്കുകയും വോട്ടർപട്ടികയിൽ അനർഹരുടെ പേര് ചേർക്കുന്നതിന് കൂട്ടുനില്ക്കുകയും ചെയ്തതിന് സെക്രട്ടറി ശ്രീ.നൗഷദാലിക്കെതിരെ ഉചിതമായ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. എം.പി. നൗഷദലിയ്ക്കെതിരെ പരാതിയുണ്ട്.

iii) സർവീസിൽ നിന്നും വിരമിക്കുവാൻ മൂന്നര മാസം അവശേഷിക്കുന്ന അബ്ദുൾ ഹക്കീമിനെ സ്ഥലംമാറ്റിയതുവഴി മേൽ ഉത്തരവിലെ (9) മുൻഗണനാമാർഗ്ഗനിർദ്ദേശങ്ങളിലെ ക്രമനം.3-ലെ വ്യവസ്ഥയും ലംഘിച്ചു.

iv) മേൽ പരാമർശിച്ചവരിൽ ശ്രീമതി സിന്ധുവിനെ സ്ഥലം മാറ്റിയ നടപടി ശരിയല്ല എങ്കിലും, പ്രസിഡന്റുമായി അസ്വാരസ്യമുള്ളതിനാൽ ടിയാളെ ഇനിയും വെള്ളനാട് ഗ്രാമപഞ്ചായത്തിൽ നിലനിർത്തുന്നത് ഭരണപരമായി ബുദ്ധിമുട്ടുകൾ സൃഷ്ടിക്കുവാൻ ഇടയാക്കുന്നതും ആരോഗ്യകരമായ ഔദ്യോഗിക അന്തരീക്ഷം നിലനിർത്തുന്നതിന് വിഘാതം സൃഷ്ടിക്കുകയും സ്വസ്ഥതയോടെ ജോലി ചെയ്യുന്നതിന് സാധിക്കാതെ വരുന്നതുമാണ്.

5) മേൽ വസ്തുതകൾ പരിഗണിച്ച്, ശ്രീമതി സിന്ധുവിനെ, ടിയാളുടെ അനുകമ്പാർഹമായ അവസ്ഥ പരിഗണിച്ച് ടിയാൾക്ക് സൗകര്യപ്രദമായ ഏറ്റവും അടുത്ത

മറ്റൊരു ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറ്റം നല്കുന്നതിനും, ശ്രീ. അബ്ദുൾ ഹക്കീമിനെ ഓങ്ങല്ലൂർ ഗ്രാമപഞ്ചായത്തിലും ശ്രീ.സുരേഷ്ബാബു -വിനെ കള്ളിക്കാട് ഗ്രാമപഞ്ചായത്തിലും ശ്രീ.അഫ്സൽ പി.എൻ-നെ വർക്കല ബ്ലോക്ക് പഞ്ചായത്തിലും നിലനിർത്തുന്നതിനും ശ്രീ. എം.പി.നൗഷദലിയ്ക്കെതിരെ പരാതിയുണ്ടെന്ന് പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തതിനാൽ ടിയാനെ സൗകര്യപ്രദമായ മറ്റൊരു ഗ്രാമപഞ്ചായത്തിലേക്കു് സ്ഥലം മാറ്റുന്നതിന് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം നല്കി ഉത്തരവാകുന്നു.

ഇപ്രകാരം ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത **143,144,145,146,164/2026** നം. ഒ എ കളിന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ **25/01/2026**-ലെ ഉത്തരവ് പാലിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക്( തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം/തൃശ്ശൂർ
വിവര പൊതുജന സമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്.
കരുതൽ ഫയൽ /ഓഫീസ് പകർപ്പ് (ഇപിബി1/46/2026/തസ്വഭവ ഫയൽ)

ഉത്തരവിൻ പ്രകാരം

Signed by
Riju M Das
സെക്ഷൻ ഓഫീസർ
Date: 13-03-2026 16:27:18